# സാന്തോം ടൈംസ്

www.sthomashskallara.blogspot.com Email: sthomashskallara@gmail.com

## മികച്ച പി. റ്റി. എ. അവാർഡ് കല്ലറ സെന്റ് തോമസ് ഹൈസ്ക്കൂളിന്



**കല്ലറ:** സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ മികച്ച പി.റ്റി.എ അവാർഡിന് കല്ലറ സെന്റ്.തോമസ് ഹൈസ്ക്കൂൾ അർഹമായി. പി. റ്റി. എ. യുടെ സഹകരണത്തോട് കൂടി ഏറ്റവും തനിമയാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന വിദ്യാലയങ്ങൾക്കാണ് സംസ്ഥാന സർക്കാർ ഈ അവാർഡ് നൽകി വരുന്നത് .10001 രൂപയും പ്രശസ്തി പത്രവും ട്രോഫിയും അടങ്ങിയ പുരസ്ക്കാരം തിരുവനന്തപുരത്ത് വച്ചു നടന്ന ചടങ്ങിൽ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. എം.എ.ബേബിയിൽ നിന്നും സ്കൂൾ മാനേജർ റവ. ഫാദർ. അഡ്വ.ജോസഫ്കീഴങ്ങാട്ട് ഹെഡ്മാസ്റ്റർ ശ്രീ.പി.എ.ബാബു, പി. റ്റി.എ. പ്രസിഡന്റ്,ശ്രീ.സണ്ണി തറയിൽ, അധ്യാപകർ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

## വായന ഇന്നിന്റെ ആവശ്യം

ശ്രീ. ഭാസ്ക്കരൻ സാർ





**കല്ലറ** : വായന മരിച്ചുകൊണ്ടിരിക്കുന്നു എന്ന വാദം നിലനിൽക്കുമ്പോൾ വായന ഇന്നിന്റെ ആവശ്യം എന്ന് മികച്ച ഹോം ലൈബ്രറി അവർഡ് ജേതാവും റിട്ട.അധ്യാപകനുമായ ശ്രീ. ഭാസ്ക്കരൻ സാർ അഭിപ്രായപ്പെട്ടു.വായനാദിനാചരണത്തിന്റെ ഭാഗമായി സ്കൂളിൽ നടന്ന ചടങ്ങിൽ കുട്ടികളെ അഭിസംബോധന ചെയ്തു സംസാരിച്ച അദേഹം സ്കൂൾ ലൈബ്രറിയിലേക്ക് 20 പുസ്തകങ്ങൾ സംഭാവന ചെയ്തു. വിവിധ മതഗ്രന്ഥങ്ങളിലെപ്രസക്ത ഭാഗങ്ങൾ അസംബ്ലിയിൽവായിച്ചു. വിവിധ വിഷയങ്ങളെ കേന്ദ്രികരിച്ചുള്ള ഗ്രന്ഥങ്ങൾ ക്ലാസുകളിൽ വിതരണം ചെയ്തു.

## സ്ക്കൂൾതല പ്രവർത്തി പരിചയമേളയും,ശാസ്ത്രമേളയും




**കല്ലറ:** ആഗ്സ്റ്റ്.20ന് സ്ക്കൂൾ തല ശാസ്ത്രമേളയി പ്രവർത്തി പരിചയമേളയും നടത്തി.പ്രവർത്തി പരിചയമേളയിൽ എല്ലാ ഇനങ്ങളിലും തന്നെ കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു. ഇതിൽ നിന്നും ശാസ്ത്രമേളയിൽ യൂ.പി, എച്ച്.എസ് വിഭാഗം, പ്രോജക്റ്റ്, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, സിംപിൾ എക്സ്പിരിമേന്റ് എന്നി ഇനങ്ങൾ ഉായിരുന്നു. ഉപജില്ലാ മത്സരത്തിലേക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**കല്ലറ:** കേരളത്തിന്റെ ദേശിയോത്സവമായ ഓണം അത്യധികം മോടിയായി ഈ വർഷവും **സ്ക്കൂളിൽ** കൊണ്ടാടി. കഥകളി, തെയ്യം, തിറ, മയിലാട്ടം തുടങ്ങിയ വിവിധ കലാരൂപങ്ങളും വിവിധ വേഷങ്ങളണിഞ്ഞു.കുട്ടികളും അണിനിരന്ന ഓണവിളംബര ഘോഷയാത്ര മതമൈത്രി വിളിച്ചോതുന്നതായിരുന്നു. പൂക്കള മത്സരം,ഓണപാട്ട് മത്സരം, ഓണസദ്യ എന്നിവയും ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി.






## സ്വാതന്ത്ര്യദിനാഘോഷം




**കല്ലറ:** ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷം പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. ബഹു.പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടി പതാക ഉയർത്തൽ കർമ്മം നിർവഹിക്കുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരിക നായകൻമാർ പങ്കെടുത്ത യോഗത്തിൽ വിമുക്ത ഭടന്മാരെ ആദരിച്ചു. കുട്ടികൾ ഒന്നു ചേർന്ന് ഇന്ത്യാ രാജ്യം രുപീകരിച്ചത് ശ്രദ്ധേയമായിരുന്നു. സ്ക്കൂൾ ഗ്രൗണ്ടിൽ കുട്ടികൾ ഗ്രുപ്പുകളായിത്തിരിഞ്ഞ് 20 താമരയ്ക്ക് രൂപംനൽകി. ഇവയെല്ലാം കാണികളെ ഏറെ സന്തോഷിപ്പിച്ചു.

## പരിസ്ഥിതി ദിനം ആചരിച്ചു

കല്ലറ സെന്റ്തോമസ് ഹൈസ്ക്കുളിൽ പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം വ്യകതമാക്കുന്ന പോസ്ററർ രചനാമൽസരം സംഘടിപ്പിച്ചു. ക്ലാസ്സടിസ്ഥാനത്തിൽ സ്കുൾ പരിസരത്ത് വൃക്ഷത്തൈകൾ നടുകയും കുട്ടികൾക്ക് വൃക്ഷത്തൈകൾ വിതരണവും ചെയ്തു.






**കല്ലറ:** സെന്റ്തോമസ്സിൽ സെപ്റ്റംബർ മാസം 22ാം തീയതി സ്വതന്ത്രസോഫ്റ്റ് വെയർ ദിനം ആഘോഷിച്ചു.എസ്.ഐ.റ്റി.സി. ശ്രീമതി.ജൂസി തോമസ് ആമുഖപ്രസംഗം നടത്തി. ഐടി ക്ലബ്ബ് അംഗം ലിനറ്റ് ലൂക്കോസ് സ്വതന്ത്ര സോഫ്ററ് വെയറിനേക്കുറിച്ച് പ്രഭാഷണം അവതരിപ്പിച്ച എസ് എസ്.ഐ.റ്റി.സി. തോമസ് ജെയിംസ് സ്വതന്ത്ര സോഫ്റ്റ്വെയർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം

കല്ലറ:വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം 2010 ജൂലൈ 8 ബുധനാഴ്ച്ച 2:30 Pm ന് പ്രശസ്ത കഥകളികലാകാരൻ ശ്രീ.നാരായണൻ നമ്പൂതിരി നിർവ്വഹിച്ചു. സ്കൂൾ മാനേജർ റവ.ഫാ.ജോസഫ് കീഴങ്ങാട്ട്അധ്യക്ഷത വഹിച്ച യോഗത്തിൽ" കെ.സി.എസ്.എൽ രൂപതാ മുൻ ഡയറക്ടർ റവ.ഫാ.ഫിലിപ്പ് രാമച്ചനാട്ട് അനുഗ്രഹപ്രഭാഷണം നടത്തി.



## സഹപാഠിക്കൊരു വീട്

**കല്ലറ:** സഹപാഠിക്കൊരു വീടുമായി സെന്റ്തോമസ് ഹൈസ്ക്കൂൾ രണ്ടാം വട്ടവും ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് മാതൃകയാവുുന്നു.കുട്ടികളുടെ ഭവനസന്ദർശ്ശനത്തെത്തുടർന്ന് നിർധനരായ .കുട്ടികളെ സഹായിക്കുന്നതിന് വേണ്ടിയാണ് ഈ ആശയം നടപ്പിലാക്കിയത് . സ്ക്കൂളിലെ അധ്യാപകർ,വിദ്യാർഥികൾ മററ് അഭ്യുദയകാംക്ഷികൾളുടെയും സഹകരണത്തോടെ രഷ്മ രാഹുൽ എന്നീ ിദ്യാർഥികൾക്ക് വേണ്ടി നിർമ്മിച്ച വീടിന്റെ താക്കോൽദാനം ജൂൺ 1 ന് മാർ.മാത്യു പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു.







## കല്ലറ സ്ക്കൂളിൽ നക്ഷത്രവനം

ജൈവ വൈവിധ്യരൂപീകരണത്തിന് ഏററവുംനല്ലആശയം നക്ഷത്രവനമാണെന്ന് മനസിലാക്കിയ കുട്ടികൾ സ്ക്കൂളിലെ സീഡ് പ്രവർത്തകരുടെ നേതൃത്വത്തിൽ 27 നക്ഷത്രങ്ങളുമായി,ബന്ധപ്പെട്ട മരങ്ങളുടെ തൈകൾശേഖരിച്ച് പരിപാലിച്ചുപോരുന്നു.



## സ്ക്കൂളിലെ ഹരിതവത്ക്കരണം



Published by.Headmaster St.Thomas High School Kallara, Editing : Malayalam Teachers and Students,Designing: Sreejith Vijayachandran and Team ,Editing managed by IT Club of St.Thomas High School Kallara